**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4334** **06-03-2023 - ൽ മറുപടിയ്ക്ക്**

**കേരള നിയമ സഹായനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നടപ്പ് സാമ്പത്തിക വർഷം നിയമ സഹായനിധിയിലേക്ക് വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കുമോ; | (എ) | നടപ്പ് സാമ്പത്തികവർഷം നിയമ സഹായ നിധിയിലേക്ക് 20,00,00,000/- രൂപ (ഇരുപത് കോടി രൂപ)യാണ് വകയിരുത്തിയത്. ഈ തുകയിൽ നിന്നും 5,00,00,000/- രൂപ (അഞ്ച് കോടി രൂപ) ആദ്യഗഡുവായി ധനകാര്യവകുപ്പ് നിയമ സഹായനിധിയ്ക്ക് നൽകിയിരുന്നതിൽ 3,15,00,000/- രൂപ (മൂന്ന് കോടി പതിനഞ്ച് ലക്ഷം രൂപ) കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയ്ക്കും 1,35,00,000/- (ഒരു കോടി മുപ്പത്തിഅഞ്ച് ലക്ഷം രൂപ ) കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയ്ക്കും, 50,00,000/- രൂപ (അൻപത് ലക്ഷം രൂപ) വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുമായി കേരള നിയമസഹായ നിധിയുടെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്. കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയുടെ പേരിൽ STSB അക്കൗണ്ട് തുടങ്ങിയാലുടൻ തന്നെ 3,15,00,000/- രൂപ (മൂന്ന് കോടി പതിനഞ്ച് ലക്ഷം രൂപ) കൈമാറുന്നതാണ്. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയ്ക്ക് 1,35,00,000/- (ഒരു കോടി മുപ്പത്തിഅഞ്ച് ലക്ഷം രൂപ) നൽകുന്നതിനായി പ്രസ്തുത തുകയ്ക്കുള്ള ചെക്ക് ധനകാര്യവകുപ്പിന്റെ Ways & Means ക്ലിയറൻസിനായി നൽകിയിരിക്കുകയാണ്. വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായിട്ടുള്ള പ്രൊപ്പോസലുകൾ ബഹു.ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് 50,00,000/- രൂപ (അൻപത് ലക്ഷം രൂപ) ഈ ആവശ്യത്തിനായും ചിലവഴിക്കുന്നതാണ്.കൂടാതെ ഈ സാമ്പത്തിക വർഷം 1014.99 ലക്ഷം രൂപ കൂടി നിയമസഹായനിധിയിലേക്ക് നൽകാമെന്ന് ധനകാര്യവകുപ്പ് 3.03.2023-ൽ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിയമ സഹായനിധിയിലേക്ക് ഫണ്ട് സമാഹരിക്കുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നിയമ സഹായനിധിയിലേക്കായി എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; അതിൽ എത്ര തുക സഹായനിധിയിലേക്ക് കൈമാറിയിട്ടുണ്ട്; മുഴുവൻ തുകയും കൈമാറി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കേരള നിയമ സഹായനിധി ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം കേരള കോർട്ട് ഫീസ് & സ്യൂട്ട് വാലുവേഷൻ ആക്റ്റിലെ 76-ാം വകുപ്പ് അനുസരിച്ച് നിധിയിലേയ്ക്ക് വരവ് വയ്ക്കേണ്ടതായ തുക "നിയമസഹായനിധി " എന്ന വാക്കുകൾ മുദ്രണം ചെയ്ത കോടതി ഫീസ് സ്റ്റാമ്പുകളായി ട്രഷറി ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുമ്പോൾ പിരിച്ചെടുക്കേണ്ടതും അതിന്റെ വിറ്റുവരവ് "0030-സ്റ്റാമ്പ്സും രജിസ്ട്രേഷനും-01 സ്റ്റാമ്പ്സ് ജുഡീഷ്യൽ 800-99 സ്പെഷ്യൽ സ്റ്റാമ്പ്സ് ഓൺ ലീഗൽ ബെനിഫിറ്റ് ഫണ്ട് " എന്ന കണക്കു ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും, ഒരു വർഷം അങ്ങനെ സമാഹരിച്ച തുക അടുത്തവർഷം നിധിയിലേയ്ക്ക് മാറ്റേണ്ടതും വരവ് വയ്ക്കേണ്ടതുമാണ് . 2016-17 സാമ്പത്തിക വർഷം മുതൽ 2022, ഡിസംബർ വരെ 11561.7 ലക്ഷം രൂപ നിയമ സഹായനിധിയിലേക്ക് പിരിച്ചെടുത്തിട്ടുണ്ട്. ഇതിൽ നിന്നും 5260ലക്ഷം രൂപ നിയമ സഹായനിധിയിലേക്ക് നാളിതുവരെ കൈമാറിയിട്ടുണ്ട്. മുഴുവൻ തുക ലഭ്യമാക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്, തുക ലഭിക്കുന്ന മുറയ്ക്ക് നിയമസഹായനിധിയിലേക്ക് നിക്ഷേപിക്കുന്നതാണ്. |
| (സി) | നിയമ സഹായനിധി എന്തൊക്കെ ആവശ്യങ്ങൾക്കായാണ് ചെലവഴിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (സി) | നിയമ സഹായനിധിയ്ക്ക് ലഭിക്കുന്ന തുകയുടെ 70 ശതമാനത്തിന് തുല്യമായ തുക കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയ്ക്കും, 30 ശതമാനത്തിന് തുല്യമായ തുക കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിയ്ക്കും നൽകുന്നതിനായി നിയമ സഹായനിധിയിലേക്ക് നീക്കി വയ്ക്കുന്നു. നിയമ സഹായനിധിയിലേക്ക് ഇപ്രകാരം നീക്കി വയ്ക്കപ്പെട്ട തുകയുടെ 10 ശതമാനത്തിന് തുല്യമായ തുക വ്യവഹാരികൾക്ക് അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്നതിനായി നിയമ സഹായനിധിയിൽ നിലനിർത്തിയതിന് ശേഷം ശേഷിക്കുന്ന തുക വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയ്ക്കും, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിയ്ക്കും കൈമാറ്റം ചെയ്യുന്നു. |
| (ഡി) | നിയമ സഹായനിധിയിലേക്ക് പിരിച്ചെടുത്ത തുക സർക്കാർ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ഡി) | നിയമ സഹായനിധിലേക്ക് ലഭ്യമായ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. |
| (ഇ) | നിയമ സഹായനിധിയിലേക്ക് സർക്കാർ കൈമാറാനുള്ള ആകെ തുക എത്രയാണ്; പ്രസ്തുത | (ഇ) | 5722.55 ലക്ഷം രൂപ നിയമ സഹായനിധിയ്ക്ക് സർക്കാർ കൈമാറുവാനുണ്ട്. പ്രസ്തുത തുക |

| | | | |
|---|---|---|---|
| | തുക അടിയന്തരമായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | നിയമസഹായ നിധിയ്ക്കു കൈമാറുവാൻ ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ